# എറണാകുളം റൂറൽ ജില്ലാ പോലീസിൻെറ ഏറ്റവും പുതിയ പദ്ധതി " **പ്രോജക്റ്റ് ഹോപ്** "

എസ്.എസ്.എൽ.സി പരീക്ഷയിൽ ഭൂരിപക്ഷം വിദ്യാർത്ഥികളും വിജയിക്കുകയും അവരിൽ നല്ലൊരു വിഭാഗം A+ വാങ്ങി മറ്റുള്ളവരുടെ പ്രശംസ പിടിച്ചുപറ്റുകയും, ചെറിയൊരു വിഭാഗം പരാജയപ്പെട്ടതായും നമുക്കേവർക്കും അറിവുള്ളതാണല്ലോ. എന്നാൽ പരാജയപ്പെട്ടവരെക്കുറിച്ചോ, അവരുടെ പരാജയ കാരണങ്ങളെക്കുറിച്ചോ നമ്മൾ ആരും ചിന്തിക്കുകയോ അന്വേഷിക്കുകയോ ചെയ്യുിട്ടില്ലാത്തതാണ്.

വിജയിച്ചവരെപ്പോലെ പരാജയപ്പെട്ടവരും ഈ സമൂഹത്തിൻെറ ഭാഗമാണെന്ന വസ്തുത മനസ്സിലാക്കി, എസ്.എസ്.എൽ.സി പരീക്ഷയിൽ പരാജയപ്പെട്ടവർക്ക് മികച്ച വിദ്യാഭ്യാസം നൽകി അവരെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ എറണാകുളം റൂറൽ ജില്ലാ പോലീസ് " **പ്രോജക്റ്റ് ഹോപ്** " എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിക്കുന്നു.

ഈ പദ്ധതിയുടെ ജില്ലാതല ഉൽഘാടനം **നാളെ (19.07.2017) പകൽ 11 മണിയ്ക്ക്** ആലുവയിലുള്ള ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിലെ കോൺഫ്രൻസ് ഹാളിൽ വച്ച് നടത്തുന്നു. പദ്ധതി ബഹു. കൊച്ചി റേഞ്ച് **ഐ.ജി.പി ശ്രീ.പി.വിജയൻ ഐ.പി.എസ്** അവർകൾ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ് ഐ.പി.എസ് അദ്ധ്യക്ഷത വഹിക്കും.

എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് ശ്രീമതി. ആശ സനൽ, ആലുവ മുൻസിപ്പൽ ചെയർപേഴ്സൺ കുമാരി ലിസി എബ്രഹാം, ആലുവ ഡിവിഷണൽ എജ്യുക്കേഷണൽ ഓഫീസർ ശ്രീമതി. ടി.വൽസലകുമാരി എന്നിവർ ആശംസകൾ അർപ്പിക്കും. ആലുവ അദ്വൈതാശ്രമം സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, ആലുവ സി.എസ്.ടി സെൻ്റ് ജോസഫ്സ് പ്രൊവിൻഷ്യൽ ഹൗസിലെ റവ: ഫാദർ മാർട്ടിൻ മുണ്ടിയത്ത്, ആലുവ അൻസാർ മസ്ജിദ് ഇമാം ഫൈസൽ അസ്ഹരി എന്നിവർ പ്രഭാഷണം നടത്തും.

സ്റ്റുഡൻ്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ എറണാകുളം റൂറൽ ജില്ലാ നോഡൽ ഓഫീസറും ജില്ലാ ക്രൈം റെക്കോഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി യുമായ ശ്രീ.ഷീൻ തറയിൽ, ആലുവ ഡി.വൈ.എസ്.പി ശ്രീ.വി.കെ.സനിൽകുമാർ, മൂവാറ്റുപുഴ ഡി.വൈ.എസ്.പി ശ്രീ.കെ.ബിജുമോൻ, പെരുമ്പാവൂർ ഡി.വൈ.എസ്.പി ശ്രീ.ജി.വേണു, ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി ശ്രീ.ടി.ശ്യാംലാൽ എന്നിവരും സംബന്ധിക്കും.